1763 Time Limit 93

www.manoramaonline.com

**Malayala Manorama**

Established 1888

P B No. 160, Manorama Road, Thampanoor East,
Thiruvananthapuram 695 001, Kerala, India
Phone: 91-471-2328198
CIN: U22121KL1889PTC000647

16.02.2023

From,
Anooj M A
Senior Reporter
Malayala Manorama
Thiruvananthapuram
Mob : 9846061364

by Hand.

To,
State Public Information Officer
Kerala Development and Innovation Strategic Council
Vazhuthacaud
Thiruvananthapuram

വിഷയം : 2005 ലെ വിവരാവകാശ നിയമപ്രകാരം ചുവടെ നൽകിയിട്ടുള്ള ചോദ്യങ്ങൾക്ക് മറുപടി ലഭിക്കുന്നതു സംബന്ധിച്ച്.

1. കെ-ഡിസ്കിന്റെ വഴുതക്കാട് ഇന്ത്യ ഹൈറ്റ്സ് ബിൽഡിങ്ങിലെ ഹെഡ് ഓഫിസ് സ്വന്തം കെട്ടിടമാണോ? അല്ലെങ്കിൽ എത്ര വർഷമായി ഇവിടെ വാടകയ്ക്കു പ്രവർത്തിക്കുന്നു?

2. എത്ര സ്ക്വയർഫീറ്റ് ആണ് ഓഫിസിന്റെ വിസ്തൃതി?

3. ഓഫിസിന്റെ പ്രതിമാസ/ പ്രതിവർഷ വാടക എത്ര രൂപ, ഓഫിസ് ആരംഭിച്ച കാലം മുതൽ ഇതുവരെ ഓരോ വർഷവും നൽകിയ വാടക എത്ര രൂപ എന്നീ വിവരങ്ങൾ ലഭ്യമാക്കുക.

16/2/2023

4. വഴുതക്കാട് കെ-ഡിസ്ക് ഓഫിസ് ഇതുവരെ എത്ര തവണ നവീകരണ/ അറ്റകുറ്റപ്പണികൾ നടത്തിയിട്ടുണ്ട്, ഓരോ പ്രവൃത്തിയുടെയും എസ്റ്റിമേറ്റ് തുക എത്ര രൂപ, ടെൻഡർ നൽകിയത് എത്ര രൂപയ്ക്ക്? ടെൻഡർ നൽകിയിട്ടുണ്ടെങ്കിൽ ടെൻഡർ രേഖകളുടെ പകർപ്പുകൾ ലഭ്യമാക്കുക.

5. ഓരോ തവണയും അറ്റകുറ്റപ്പണികൾ/ നവീകരണ ജോലികൾ ചെയ്ത കരാറുകാരുടെ വിവരങ്ങൾ ലഭ്യമാക്കുക.

6. സർക്കാർ ഉടമസ്ഥതയിലുള്ള കെട്ടിടങ്ങളിൽ ഓഫിസ് സൗകര്യം ഉണ്ടോയെന്ന് അന്വേഷിച്ച ശേഷമാണോ വാടക കെട്ടിടത്തിൽ പ്രവർത്തിക്കാൻ തീരുമാനിച്ചത്, അങ്ങനെയെങ്കിൽ ഏതൊക്കെ സർക്കാർ കെട്ടിടങ്ങളിൽ അന്വേഷിച്ചു? വിവരം ലഭ്യമാക്കുക.

7. ഈ കെട്ടിടത്തെക്കാൾ കുറഞ്ഞ വാടകയുള്ള മറ്റു കെട്ടിടങ്ങൾ ഓഫിസിനായി അന്വേഷിച്ചിട്ടുണ്ടോ? ഉണ്ടെങ്കിൽ അതിന്റെ വിവരങ്ങൾ ലഭ്യമാക്കുക.

വിശ്വസ്തതയോടെ

അനൂജ് എം.എ.

16/02/2023.

<u>വിവരാവകാശ നിയമം -2005</u>

K-DISC
Kerala Development and Innovation
Strategic Council

**കേരള ഡെവലപ്പ്മെന്റ് & ഇന്നൊവേഷൻ സ്ട്രാറ്റജിക് കൗൺസിൽ**

നം. 142/2023/കെ-ഡിസ്ക്

ഇന്ത്യ ഹൈറ്റ്സ്
ഗവ. വിമൻസ് കോളേജ് റോഡ്
വഴുതക്കാട് തൈക്കാട്. പി.ഒ
തിരുവനന്തപുരം - 695 014
തീയതി : 16 /03/2023

പ്രേഷകൻ,

സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർ &
സീനിയർ അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ

സ്വീകർത്താവ്,

ശ്രീ. അനൂജ് എം എ
സീനിയർ റിപ്പോർട്ടർ
മലയാള മനോരമ
തിരുവനന്തപുരം

സർ,

വിഷയം:- വിവരാവകാശ നിയമം 2005 പ്രകാരം ശ്രീ. അനൂജ് എം എ 16.02.2023 ന സമർപ്പിച്ച അപേക്ഷ - മറുപടി സംബന്ധിച്ച്

സൂചന:- താങ്കളുടെ 16.02.2023 ലെ വിവരാവകാശ നിയമ പ്രകാരമുള്ള അപേക്ഷ

സൂചനയിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. 16.02.2023 ലെ അപേക്ഷയിൽ താങ്കൾ ആവശ്യപ്പെട്ട വിവരങ്ങൾ ചുവടെ ചേർക്കുന്നു.

**1.** അല്ല , അഞ്ച് വർഷമായി ഇവിടെ വാടകയ്ക്ക് പ്രവർത്തിക്കുന്നു. 2018 ഫെബ്രുവരി മുതൽ 2021 ജൂലൈ വരെ 3 ഉം 4ഉം നിലകളിൽ പ്രവർത്തിച്ചു. 2021 ആഗസ്റ്റ് മുതൽ കെട്ടിടം പൂർണ്ണമായും <u>വാടകയ്ക്കെടുത്തു.</u>

**2.** 13000 Sq. ft

**3.** പ്രതിമാസവാടക എല്ലാ നികുതികളും ഉൾപ്പെടെ 472000/- രൂപാ. 2018 ഫെബ്രുവരി ആദ്യ വാരം മുതലാണ് ഇന്ത്യ ഹൈറ്റ്സ് ബിൽഡിങ്ങിൽ പ്രവർത്തനം ആരംഭിച്ചത്. ഓഫീസ് ഇന്ത്യ ഹൈറ്റ്സ് ബിൽഡിങ്ങിൽ ആരംഭിച്ചതുമുതൽ നൽകിയ പ്രതിവർഷ വാടകയുടെ വിവരം ചുവടെ ചേർക്കുന്നു.

| YEAR | RENT INCLUDING ALL TAXES | REMARKS |
|---|---|---|
| FEB 2018 – JUN 2018 | 7,51,015 | The building was occupied by the KIIFB and therefore 35% of the rent of the whole building was given to KIIFB for occupying the $3^{rd}$ and $4^{th}$ floor by the K-DISC. |
| JULY 2018 – OCT 2020 | 43,70,915 | Rent was shared with ASAP on a condition of sharing 35% of rent to ASAP for occupying the $3^{rd}$ and $4^{th}$ floor by the K-DISC. |
| NOV 2020 – JULY 2021 | 1,71,3600 | Agreement executed directly with KDISC ($3^{rd}$ and $4^{th}$ floor) |

| | | |
|---|---|---|
| AUG 2021 – DEC 2021 | 23,60,000 | An agreement was executed with the Lessor for the Five Floors. |
| JAN 2022 – DEC 2022 | 5,66,4000 | |
| JAN 2023 | 4,72,000 | |

**4,5** - ഒരു തവണ, ഊരാളുങ്കൽ ലേബർ കോൺട്രാക്ട് കോ-ഓപ്പറേറ്റീവ് സൊസൈറ്റി മുഖേനയാണ് നിർമാണ പ്രവർത്തനങ്ങൾ നടത്തിയത്. G.O(P) No.77/2019/Fin Dated 04/07/2019, G.O (P) No.67/2021/Fin Dated 28.04.2021 എന്നീ സർക്കാർ ഉത്തരവുകൾ പ്രകാരമാണ് യു എൽ സി സി എസ്സിനെ നേരിട്ടുള്ള നടത്തിപ്പിന് ഒരു നോൺ- പി എം സി ഏജൻസിയായി നിയോഗിച്ചത്. പൊതു സിവിൽ നിർമാണ പ്രവർത്തനങ്ങൾ നടത്തുന്ന അക്രഡിറ്റേഡ് ഏജൻസികളിൽ നിന്ന് പരസ്യപ്പെടുത്തി അറിയിച്ച നോൺ പി എം സി ഏജൻസികളിൽ നിന്ന് സെന്റേജ് ക്വോട്ടുകളുടെ അടിസ്ഥാനത്തിൽ യു എൽ സി സി എസ്സിനെ കണ്ടെത്തി. മുതിർന്ന വിദഗ്ധരടങ്ങുന്ന സാങ്കേതിക സമിതി എസ്റ്റിമേറ്റ് പരിശോധിക്കുകയും പിന്നീട് അതിനെ ധനകാര്യ വകുപ്പിലെ ചീഫ് ടെക്നിക്കൽ എക്സാമിനർ സൂക്ഷ്മ പരിശോധന നടത്തുകയും ചെയ്തു. യു എൽ സി സി സൊസൈറ്റി ലിമിറ്റഡിന് 3,69,04,716.42 രൂപയുടെ പ്രവർത്തിയാണ് നൽകിയത്.

| വിവരണം | തുക (രൂപ) |
|---|---|
| സിവിൽ പണികൾ | 49,14,423.61 |
| ഇന്റീരിയർ പണികൾ | 74,19,589.66 |
| ഫർണിച്ചർ പണികൾ | 25,25188.08 |
| ഇലക്ട്രിക്കൽ പണികൾ | 28,59,053.14 |
| ഇ ൽ വി പണികൾ | 1,25,20,086.44 |
| എച് വി എ സി പണികൾ | 36,83,434.55 |
| പി എച് ഇ പണികൾ | 29,82,940 |
| മൊത്തം തുക | 3,69,04,716.42 |
| (പുതുക്കിയ ജി എസ് ടിയും സെന്റേജും ഉൾപ്പെടെ ) | |

**6.** 30.12.2017 തിയ്യതിയിലെ സർക്കാർ ഉത്തരവ് (Go(P)No.26/2017/P&EA) പ്രകാരം KSINC കെഡിസ്ക് ആയി പുനർക്രമീകരിച്ചു. ഭരണ സൗകര്യാർത്ഥം കിഫ്ബി ഒഴിഞ്ഞ ഇന്ത്യ ഹൈറ്റ്സ് ബിൽഡിങ്ങിൻറെ മൂന്നും നാലും നിലകളിൽ അതെ വാടകയിൽ കെഡിസ്ക് പ്രവർത്തനം ആരംഭിച്ചു.

സർക്കാർ ഉത്തരവ് (G.O.(Rt) No. 02/2021/PLG&EA dated 12/01/2021))-ന്റ അടിസ്ഥാനത്തിൽ 3,4 നിലകളും തുടർന്ന് സർക്കാർ ഉത്തരവ് (G.O.(Rt) No. 03/2022/PLG&EA dated 25/01/2022)) -ന്റ അടിസ്ഥാനത്തിൽ മറ്റു നിലകളും കെ-ഡിസ്കിന്റെ പ്രവർത്തനങ്ങൾക്കായി വാടകയ്ക്ക് എടുക്കുകയാണ് ചെയ്തിട്ടുള്ളത്. സർക്കാർ ഉത്തരവ് (G.O.(Rt) No. 2079/2021/Fin dated 06/03/2021))-ന്റ അടിസ്ഥാനത്തിൽ വാടക അനുവദിക്കുന്നതിനും അനുമതി ലഭ്യമാക്കിയിട്ടുണ്ട്.

അതിനാൽ സർക്കാർ ഉടമസ്ഥതയിലുള്ള മറ്റു കെട്ടിടങ്ങളിൽ ഓഫിസ് സൗകര്യം ഉണ്ടോയെന്ന് അന്വേഷണം നടത്തിയിട്ടില്ല.

**7.** ബാധകമല്ല

ഈ മറുപടിയിൽ താങ്കൾ തൃപ്തനല്ലെങ്കിൽ ഈ കത്ത് കൈപ്പറ്റി 30 ദിവസത്തിനുള്ളിൽ താഴെപറയുന്ന മേൽവിലാസത്തിൽ അപ്പീൽ സമർപ്പിക്കാവുന്നതാണ്.

**അപ്പീൽ അധികാരി**

ഡോ.പി.വി ഉണ്ണികൃഷ്ണൻ
മെമ്പർ സെക്രട്ടറി
കേരള ഡവലപ്മെന്റ് & ഇന്നോവേഷൻ സ്ട്രാറ്റജിക് കൗൺസിൽ
ഇന്ത്യ ഹൈറ്റ്സ് ബിൽഡിംഗ് ,വിമൻസ് കോളേജ് റോഡ്, വഴുതക്കാട്
തിരുവനന്തപുരം, കേരളം 695014

വിശ്വസ്തതയോടെ,

S.[signature]

സുരേഷ് കുമാർ എസ്

സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർ &
സീനിയർ അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ